LIBRARY ARCHIVES Kerala Legislative Assembly

## കൃഷി അധിഷ്ഠിത വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ

**140 (T4175)** ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി അധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(ബി) ഇത്തരം വ്യവസായങ്ങൾക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുത വ്യവസായങ്ങളിൽനിന്നുള്ള ഉല്പന്നങ്ങളുടെ വിപണനം ഉറപ്പ് വരുത്താൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

### ഉത്തരം

(എ) കാർഷിക ഉല്പന്നങ്ങളുടെ മൂല്യവർദ്ധനവ് അധിഷ്ഠിതമായ ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് സ്മോൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം വഴി ധനസഹായം നൽകിവരുന്നു.

(ബി) കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവ് അധിഷ്ഠിതമായ 5 ലക്ഷം മുതൽ 50 ലക്ഷം രൂപവരെ ചെലവുള്ള വായ്പാബന്ധിത സംരംഭങ്ങൾക്ക് കെട്ടിടനിർമ്മാണത്തിനും യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനും ചെലവായ തുകയുടെ 25% (പരമാവധി 10 ലക്ഷം രൂപ) സഹായമായി നൽകുന്നു.

കാർഷികോല്പന്നമൂല്യവർദ്ധിത സംരംഭങ്ങളെ സംബന്ധിച്ച അവബോധം വളർത്തുന്നതിനായി നടത്തുന്ന പരിശീലന പരിപാടികൾക്ക് സ്മോൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം സഹായം നൽകുന്നുണ്ട്. കൂടാതെ ഇതുമായി ബന്ധപ്പെട്ട് ബോധവൽക്കരണ ക്ലാസ്സുകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുന്നു.

(സി) സർക്കാർ തലത്തിലും അല്ലാതെയും സംഘടിപ്പിക്കുന്ന എക്സിബിഷനുകളിലും കാർഷിക വിപണന മേളകളിലും സ്മോൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യത്തിന്റെ സ്റ്റാളുകളിലൂടെ മൂല്യവർദ്ധിത ഉല്പന്നോല്പാദക സംരംഭകരുടെ ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിപണനം നടത്തുന്നതിനും അവസരം നൽകിവരുന്നു.

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു